**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1458** **07-02-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനായി തൊഴിൽ വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | തൊഴിൽ രഹിതരായ യുവതി യുവാക്കൾക്കായി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന 5 സ്വയം തൊഴിൽ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു.<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, 21-നും 50-നും മദ്ധ്യേ പ്രായമുള്ള കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാത്ത തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് പരമാവധി 1 ലക്ഷം രൂപ (വായ്പയുടെ 20% സബ്സിഡി) അനുവദിച്ച് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണ് **കെസ്റു.**<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, പ്രായപരിധി 21-നും 45-നും മധ്യേയുള്ളതും, തൊഴിൽരഹിതരായവരും (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും, പട്ടികജാതി/ പട്ടികവർഗ്ഗ/ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവരുമായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണ് മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ ജോബ് ക്ലബ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയാണ്.<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ |

ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട്, എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണ് ശരണ്യ. ഈ പദ്ധതി പ്രകാരം കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% (പരമാവധി 25,000/- രൂപ) സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുകയും ആദ്യ വായ്പയുടെ 50%-മെങ്കിലും തിരിച്ചടക്കുന്നവർക്ക്, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80% കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് കൈവല്യ. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാലു

ഘടക പദ്ധതികൾ ഉണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേക്കായി [അൻപത് ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ)] സബ്സിഡിയോടു കൂടി 50,000 (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയ്ക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ വിവിധ

| | | | |
|---|---|---|---|
| | | | ധനകാര്യ-സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി നടത്തുന്ന ഒരു പുതിയ സ്വയംതൊഴിൽ പദ്ധതിയാണ് നവജീവൻ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും 50-65 പ്രായപരിധിയിലുള്ളതും വ്യക്തിഗത വാർഷിക വരുമാനം, ഒരു ലക്ഷം രൂപയിൽ കവിയാത്ത എഴുത്തും വായനയും അറിയാവുന്ന ഏതൊരു വ്യക്തിയ്ക്കും ഈ പദ്ധതി പ്രകാരം വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്തെ ദേശസാൽകൃത /ഷെഡ്യൂൾഡ് ബാങ്കുകൾ, കെ.എസ്.എഫ്.ഇ, കേരള ബാങ്ക് മറ്റ് പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന വായ്പ അനുവദിച്ച് വരുന്നു.<br><br>ഇത് കൂടാതെ ഉദ്യോഗാർത്ഥികളെയും സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഒരു വേദിയിൽ കൊണ്ട് വന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നാഷണൽഎംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തുന്നു.<br><br>ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി.).<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ പദ്ധതി. |
| (ബി) | ഇത് സംബന്ധിച്ച് ഓരോ ജില്ലകളിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ? | (ബി) | എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന 5 സ്വയം തൊഴിൽ പദ്ധതികളുടെ കഴിഞ്ഞ 2 സാമ്പത്തിക വർഷത്തെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ബാങ്ക് സ്വയം തൊഴിൽ വായ്പ അനുവദിക്കുകയും സർക്കാർ സബ്സിഡി അനുവദിച്ചിട്ടുള്ളതുമായ പദ്ധതികൾ സംബന്ധിച്ച വിവരം.

| ക്രമ നമ്പർ | ജില്ല | കെസ്റ്റ | | മൾട്ടിപ്പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ്ക്ലബ് | | നവജീവൻ | |
|---|---|---|---|---|---|---|---|
| | | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി | ജോബ്ക്ലബുകളുടെ എണ്ണം | സബ്സിഡി | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി |
| 1. | തിരുവനന്തപുരം | 58 | 9,33,400/- | 3 | 8,00,000/- | 27 | 3,32,500/- |
| 2. | കൊല്ലം | 83 | 13,91,000/- | 11 | 18,32,730/- | 35 | 4,37,500/- |
| 3. | പത്തനംതിട്ട | 31 | 5,43,050/- | 2 | 2,25,000/- | 17 | 2,12,500/- |
| 4. | ആലപ്പുഴ | 49 | 8,59,360/- | 3 | 3,11,299/- | 15 | 1,87,500/- |
| 5. | കോട്ടയം | 55 | 9,32,940/- | 17 | 28,24,226/- | 48 | 5,93,250/- |
| 6. | ഇടുക്കി | 11 | 1,98,360/- | 1 | 2,00,000/- | 7 | 87,500/- |
| 7. | എറണാകുളം | 86 | 16,30,680/- | 15 | 24,57,375/- | 61 | 7,36,625/- |
| 8. | തൃശ്ശൂർ | 57 | 10,66,000/- | 4 | 5,87,500/- | 38 | 4,72,500/- |
| 9. | പാലക്കാട് | 51 | 86,56,000/- | 4 | 7,42,500/- | 17 | 2,11,250/- |
| 10. | മലപ്പുറം | 125 | 21,92,400/- | 8 | 14,02,000/- | 25 | 2,91,250/- |
| 11. | കോഴിക്കോട് | 95 | 17,48,170/- | 7 | 10,34,120/- | 35 | 4,85,625/- |
| 12. | വയനാട് | 83 | 16,03,800/- | 7 | 9,22,000/- | 23 | 2,84,000/- |
| 13. | കണ്ണൂർ | 76 | 11,32,850 | 10 | 12,12,500/- | 35 | 4,36,750 |
| 14. | കാസർഗോഡ് | 19 | 3,72,000/- | 6 | 10,48,750/- | 14 | 1,75,000/- |
| **ആകെ** | | **879** | **2,32,60,010/-** | **98** | **1,56,00,000/-** | **397** | **49,43,750/-** |

**സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നേരിട്ട് സ്വയം തൊഴിൽ വായ്പ്പ അനുവദിക്കുന്ന പദ്ധതികൾ**

| ക്രമ നമ്പർ | ജില്ല | ശരണ്യ | | കൈവല്യ | |
|---|---|---|---|---|---|
| | | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി |
| 1 | തിരുവനന്തപുരം | 715 | 3,58,15,000/- | 857 | 4,28,50,000/- |
| 2 | കൊല്ലം | 783 | 3,20,83,000/- | 847 | 4,23,50,000/- |
| 3 | പത്തനംതിട്ട | 179 | 90,10,000/- | 209 | 1,04,50,000/- |
| 4 | ആലപ്പുഴ | 859 | 4,03,85,000/- | 1035 | 5,17,50,000/- |
| 5 | കോട്ടയം | 161 | 80,36,000/- | 523 | 2,61,50,000/- |
| 6 | ഇടുക്കി | 273 | 1,38,49,000/- | 426 | 2,13,00,000/- |
| 7 | എറണാകുളം | 195 | 97,59,000/- | 476 | 2,38,00,000/- |
| 8 | തൃശ്ശൂർ | 488 | 2,44,34,000/- | 292 | 1,46,00,000/- |
| 9 | പാലക്കാട് | 845 | 4,15,24,000/- | 399 | 1,99,50,000/- |
| 10 | മലപ്പുറം | 493 | 2,45,99,000/- | 455 | 2,27,50,000/- |
| 11 | കോഴിക്കോട് | 419 | 2,09,89,000/- | 906 | 4,53,00,000/- |
| 12 | വയനാട് | 257 | 1,28,79,000/- | 294 | 1,47,00,000/- |
| 13 | കണ്ണൂർ | 167 | 83,89,000/- | 321 | 1,60,50,000/- |
| 14 | കാസർഗോഡ് | 63 | 39,34,000/- | 384 | 1,92,00,000/- |
| **ആകെ** | | **5,897** | **28,56,85,000/-** | **7,424** | **37,12,00,000/-** |

**14 ജില്ലകളിലായി സ്വയം തൊഴിൽ ശില്പശാല സംഘടിപ്പിച്ച വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | ജില്ല | സ്വയം തൊഴിൽ ശില്പശാലകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1. | തിരുവനന്തപുരം | 17 | 51,000/- |
| 2. | കൊല്ലം | 14 | 51,000/- |
| 3. | പത്തനംതിട്ട | 11 | 33,000/- |
| 4. | ആലപ്പുഴ | 13 | 39,000/- |
| 5. | കോട്ടയം | 9 | 33,000/- |
| 6. | ഇടുക്കി | 4 | 27,000/- |
| 7. | എറണാകുളം | 9 | 51,000/- |
| 8. | തൃശ്ശൂർ | 7 | 39,000/- |
| 9. | പാലക്കാട് | 10 | 33,000/- |
| 10. | മലപ്പുറം | 13 | 45,000/- |
| 11. | കോഴിക്കോട് | 5 | 33,000/- |
| 12. | വയനാട് | 3 | 21,000/- |
| 13. | കണ്ണൂർ | 7 | 27,000/- |
| 14. | കാസർഗോഡ് | 5 | 15,000/- |
| | **ആകെ** | 128 | 4,98,000/- |

## ജോബ് ഫെയറുകൾ

| ക്രമ നമ്പർ | ജില്ലകൾ | 2021 | 2022 |
|---|---|---|---|
| 1. | തിരുവനന്തപുരം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1608 | 521 |
| 2. | കൊല്ലം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1123 | 1141 |
| 3. | പത്തനംതിട്ട, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 260 | 341 |
| 4. | ആലപ്പുഴ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 484 | 920 |
| 5. | കോട്ടയം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 700 | 1513 |
| 6. | ഇടുക്കി, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 494 | 213 |
| 7. | എറണാകുളം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 985 | 418 |
| 8. | തൃശ്ശൂർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 847 | 732 |
| 9. | പാലക്കാട്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 653 | 904 |
| 10. | മലപ്പുറം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 718 | 934 |
| 11. | കോഴിക്കോട്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1117 | 564 |
| 12. | വയനാട്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 86 | 298 |
| 13. | കണ്ണൂർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 121 | 942 |
| 14. | കാസർഗോഡ്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 389 | 586 |
| | **ആകെ** | **9585** | **10027** |

**ജോബ് ഫെയറുകൾ**

| ക്രമ നമ്പർ | ജില്ലകൾ | 2021 | 2022 |
|---|---|---|---|
| 1. | തിരുവനന്തപുരം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1608 | 521 |
| 2. | കൊല്ലം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1123 | 1141 |
| 3. | പത്തനംതിട്ട, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 260 | 341 |
| 4. | ആലപ്പുഴ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 484 | 920 |
| 5. | കോട്ടയം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 700 | 1513 |
| 6. | ഇടുക്കി, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 494 | 213 |
| 7. | എറണാകുളം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 985 | 418 |
| 8. | തൃശ്ശൂർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 847 | 732 |
| 9. | പാലക്കാട്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 653 | 904 |
| 10. | മലപ്പുറം, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 718 | 934 |
| 11. | കോഴിക്കോട്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1117 | 564 |
| 12. | വയനാട്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 86 | 298 |
| 13. | കണ്ണൂർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 121 | 942 |
| 14. | കാസർഗോഡ്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 389 | 586 |
| | **ആകെ** | **9585** | **10027** |

## കരിയർ ഡവലപ്മെന്റ് സെന്ററുകൾ

| ജില്ല | നാളിതുവരെയുള്ള രജിസ്ട്രേഷൻ | വ്യക്തിഗത കൗൺസിലിംഗ് | ഗ്രൂപ്പ് കൗൺസിലിംഗ് | കരിയർ സെമിനാർ | നെറ്റ് പരിശീലനം | പ്ലെയ്സ്മെന്റ് ഡ്രൈവ് എണ്ണം | പ്ലെയ്സ്മെന്റ് ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 13142 | 2052 | 11 | 274 | 6 | 10 | 159 |
| കൊല്ലം | 2530 | 4 | – | 31 | – | – | – |
| ആലപ്പുഴ | 4165 | 345 | 21 | 105 | 1 | 5 | 26 |
| എറണാകുളം | 1539 | 36 | 4 | 45 | 3 | – | – |
| പാലക്കാട് | 15127 | 1451 | 49 | 119 | 5 | 22 | 678 |
| കോഴിക്കോട് | 47838 | 11711 | 428 | 849 | 19 | 40 | 1078 |

## എംപ്ലോയബിലിറ്റി സെന്ററുകൾ

| എംപ്ലോയബിലിറ്റി സെന്റർ | നടത്തിയ പ്ലേസ്മെന്റ് ഡ്രൈവുകളുടെ എണ്ണം | ജോലി ലഭിച്ചവരുടെ എണ്ണം |
|---|---|---|
| കൊല്ലം | 259 | 5185 |
| ആലപ്പുഴ | 641 | 7861 |
| കോട്ടയം | 648 | 8252 |
| എറണാകുളം | 255 | 3644 |
| തൃശ്ശൂർ | 230 | 3525 |
| പാലക്കാട് | 85 | 925 |
| മലപ്പുറം | 195 | 1658 |
| കോഴിക്കോട് | 336 | 6885 |
| കണ്ണൂർ | 66 | 1612 |
| കാസറഗോഡ് | 129 | 505 |
| തിരുവനന്തപുരം | 6 | 36 |

Kavitha. T

**സെക്ഷൻ ഓഫീസർ**